പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 485 **13-10-2026-ൽ മറുപടിയ്ക്ക്**

നിലമ്പൂരിൽ സ്മാർട്ട് സിറ്റി മാതൃകയിൽ ഐ.ടി. പാർക്ക്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) മെട്രോ നഗരങ്ങളിലെ അമിത തിരക്കിൽ നിന്നും ഉയർന്ന ചെലവുകളിൽ നിന്നും മാറിയും മികച്ച ജീവിതസാഹചര്യങ്ങൾ തേടിയും ഐ.ടി.വിദഗ്ദ്ധരും സാങ്കേതിക പ്രവർത്തകരും സെമി അർബൻ മേഖലകളെ തങ്ങളുടെ തൊഴിലിടമായും താമസസ്ഥലമായും കൂടുതൽ തെരഞ്ഞെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: വൻനഗരങ്ങൾക്ക് ഐ.ടി. വ്യവസായം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഹബ്ബ് ആൻഡ് സ്പോക്ക് (Hub and Spoke) മാതൃകയിൽ പ്രമുഖ ഐ.ടി. പാർക്കുകളുടെ ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇൻഫോപാർക്കിന് കീഴിലുള്ള കൊരട്ടി, ചേർത്തല പാർക്കുകളും, ടെക്നോപാർക്കിന് കീഴിലുള്ള കുണ്ടറ (കൊല്ലം) പാർക്കും ഇതിന് മികച്ച ഉദാഹരണങ്ങളാണ്. കൂടാതെ കൊട്ടാരക്കരയിൽ പ്രവർത്തനം ആരംഭിച്ച സോഹോ (Zoho) ഐ.ടി. പാർക്കും സമാന രീതിയിൽ ഗ്രാമീണ/സെമി-അർബൻ മേഖലകളിൽ പ്രൊഫഷണലുകളെ ആകർഷിക്കുന്ന ഐ.ടി. കേന്ദ്രമായി വികസിച്ചുവരുന്നു.

കേരളത്തിൽ എല്ലാവിധ അനുകൂല ഘടകങ്ങളും ഉള്ള നഗരമാണ് കോഴിക്കോട്. ഇവിടെ സൈബർ പാർക്കിൽ കൂടുതൽ ഐ ടി നിക്ഷേപത്തിനായി ആഗോള കമ്പനികൾ താല്പര്യം കാണിക്കുന്ന സ്ഥിതി നിലവിലുണ്ട്.

(ബി) സർക്കാർ അധീനതയിലുള്ള ഭൂമി ലഭ്യമായാൽ നിലമ്പൂരിൽ സ്മാർട്ട് സിറ്റി മാതൃകയിൽ ഒരു ഐ.ടി. പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

മറുപടി: നിലമ്പൂരിൽ ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ